REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-09-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ 'സെമികോൺ ഇന്ത്യ – 2025' സമ്മേളനം രാവിലെ ഉദ്ഘാടനം ചെയ്യും.**
- **രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് തമിഴ്നാട്ടിൽ. യൂണിയൻ ബാങ്ക് 120-ാം സ്ഥാപക ദിനാഘോഷത്തിലും തമിഴ്നാട് കേന്ദ്ര സർവകലാശാലയുടെ ബിരുദദാന ചടങ്ങിലും പങ്കെടുക്കും.**
- **ഇന്ന് ലോക നാളികേര ദിനം. കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ നാളികേര ദിനാഘോഷം എറണാകുളത്ത് രാവിലെ ഉദ്ഘാടനം ചെയ്യും.**
- **ഏഷ്യാ കപ്പ് ഹോക്കി പുരുഷ ചാമ്പ്യൻഷിപ്പിൽ ഇന്ത്യ മറുപടിയില്ലാത്ത 15 ഗോളിന് കസാക്കിസ്ഥാനെ പരാജയപ്പെടുത്തി**
- **കേരള ക്രിക്കറ്റ് ലീഗിൽ തൃശ്ശൂർ ടൈറ്റൻസിനും, കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനും വിജയം.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ യശോഭൂമിയിൽ 'സെമികോൺ ഇന്ത്യ – 2025' സമ്മേളനം രാവിലെ ഉദ്ഘാടനം ചെയ്യും. രാജ്യത്തെ സെമികണ്ടക്ടർ ആവാസവ്യവസ്ഥയ്ക്ക് ഉത്തേജനം പകരുക എന്ന ലക്ഷ്യത്തോടെയാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

നാളെ സമ്മേളനത്തിലും CEO-മാരുടെ വട്ടമേശ സമ്മേളനത്തിലും പ്രധാനമന്ത്രി പങ്കെടുക്കും. 48 രാജ്യങ്ങളിലെ 2,500-ഓളം പ്രതിനിധികൾ ഉൾപ്പെടെ 20,000ത്തിലേറെ പേർ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന്  ചെന്നൈയിൽ സിറ്റി യൂണിയൻ ബാങ്കിന്റെ 120-ാമത് സ്ഥാപക ദിനാഘോഷത്തിലും, തിരുവാരൂരിൽ തമിഴ്നാട് കേന്ദ്ര സർവകലാശാലയുടെ പത്താമത് ബിരുദദാന ചടങ്ങിലും പങ്കെടുക്കും. ഇന്നലെ മൈസൂരുവിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്ങിന്റെ വജ്ര ജൂബിലി ആഘോഷങ്ങളിൽ ദ്രൗപദി മുർമു പങ്കെടുത്തു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ചൈന സന്ദർശനം ഇന്ത്യയുടെ നയതന്ത്ര ബന്ധങ്ങളും ആഗോള തലത്തിലെ തന്ത്രപരമായ സാന്നിദ്ധ്യവും ശക്തമാക്കുന്ന സുപ്രധാന ചുവടുവെപ്പാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. ഷാങ്ഹായ് കോർപ്പറേഷൻ ഓർഗനൈസേഷൻ ഉച്ചകോടിയിലെ പ്രധാനമന്ത്രിയുടെ സാന്നിദ്ധ്യം യൂറേഷ്യൻ മേഖലയിലെ ഇന്ത്യൻ സ്വാധീനത്തിന് തന്ത്രപരമായ നീക്കമായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ദേശീയ താൽപര്യത്തിന് ഊന്നൽ നൽകി രാജ്യരക്ഷാ രംഗത്ത് സ്വയംപര്യാപ്തമാവുകയെന്ന ലക്ഷ്യമാണ് ഇന്ത്യയുടേതെന്നും രാജ്നാഥ് സിംഗ് വ്യക്തമാക്കി.

✪✪✪

സിംഗപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോംഗ് മൂന്ന് ദിവസത്തെ സന്ദർശനത്തിന് വൈകിട്ട് ഡൽഹിയിലെത്തും. ഇന്ത്യയും സിംഗപ്പൂരുമായി ഒട്ടേറെ ധാരണാപത്രങ്ങൾ സന്ദർശനവേളയിൽ ഒപ്പുവെക്കും. രാഷ്ട്രപതി ദ്രൗപതി മുർമുവുമായും പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും  വോംഗ് ഉഭയകക്ഷി ചർച്ചയും നടത്തും.

✪✪✪

ഗ്രാമീണ സ്വച്ഛ ഭാരത മിഷനും, ജൽജീവൻ മിഷനും രാജ്യത്തെ സുരക്ഷിത ജല സുസ്ഥിരതയും ജലലഭ്യതയും ഉറപ്പാക്കുമെന്ന് ജലശക്തി മന്ത്രി CR പാട്ടീൽ പറഞ്ഞു. ന്യൂഡൽഹിയിൽ ഗ്രാമീണ സ്വച്ഛ ഭാരത മിഷൻ വട്ടമേശ സമ്മേളനത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. കണ്ടെത്തലുകൾക്കും മാലിന്യത്തിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്ന പദ്ധതികൾക്കും കാലാവസ്ഥയുമായി ബന്ധപ്പെട്ട ശുചിത്വത്തിനും ഊന്നൽ നൽകണമെന്ന് കേന്ദ്രമന്ത്രി നിർദ്ദേശിച്ചു.   ജൽ ജീവൻ മിഷനിൽ രാജ്യത്തെ ഓരോ ഗ്രാമീണ ഭവനത്തിലും സുരക്ഷിതമായ ടാപ് വെള്ളം ലഭിക്കുന്നുണ്ടെന്നും CR പാട്ടീൽ പറഞ്ഞു. വെളിയിട വിസർജ്ജന മുക്ത മാതൃക  ഗ്രാമീണ കുടുംബങ്ങളുടെ ജീവിത ഗുണനിലവാരവും ആരോഗ്യവും അന്തസ്സും സംരക്ഷിക്കുന്നതാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

റെയിൽവേ ജീവനക്കാർക്ക് ഉയർന്ന ഇൻഷൂറൻസ് പരിരക്ഷ നൽകുന്ന ധാരണാപത്രം റെയിൽവേയും, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും ഒപ്പുവെച്ചു. SBI യിലെ ശമ്പള അക്കൗണ്ട് ഇടപാടുകാരായ റെയിൽവേ ജീവനക്കാർക്ക് അപകട മരണമുണ്ടായാൽ ഒരുകോടി രൂപ ഇൻഷൂറൻസ് ആനുകൂല്യം ലഭ്യമാകും. സ്വാഭാവിക മരണത്തിന് പത്തുലക്ഷം രൂപയുടെ പരിരക്ഷയും പ്രീമിയം അടക്കാതെ തന്നെ നൽകുന്നതാണ് പദ്ധതി. ന്യൂഡൽഹിയിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവിന്റെയും, SBI ചെയർമാൻ CS സേഥിയുടെയും സാന്നിദ്ധ്യത്തിലാണ് ധാരണാപത്രം ഒപ്പുവെച്ചത്.

✪✪✪

ഇന്ന് ലോക നാളികേര ദിനം. നാളികേര ഉത്പാദക രാജ്യങ്ങളുടെ ഏഷ്യൻ ആൻഡ് പസഫിക് കോക്കനട്ട് കമ്മ്യൂണിറ്റി 1969-ൽ സ്ഥാപിതമായതിന്റെ ഓർമ്മയ്ക്കായാണ് സെപ്റ്റംബർ 2 ലോക നാളികേര ദിനമായി ആചരിക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്.......

നാളികേരത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വൈവിദ്ധ്യ ഉപയോഗങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധം വളർത്തുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

27-ാമത് ലോക നാളികേര ദിനാഘോഷം കേന്ദ്ര മന്ത്രി ശിവരാജ് സിംങ് ചൗഹാൻ ഇന്ന് എറണാകുളത്ത് ഉദ്ഘാടനം ചെയ്യും. രാജ്യത്തെ നാളികേര മേഖലയുടെ പുനരുജ്ജീവനത്തിന് നവീകരിച്ച പദ്ധതിയും കേന്ദ്രമന്ത്രി പ്രഖ്യാപിക്കും.

ഭൂവിനിയോഗ വകുപ്പിന്റെ അൻപതാം വാർഷികത്തിനോടനുബന്ധിച്ച് ലോക നാളികേര ദിനത്തിൽ 'കുറ്റ്യാടി കേരസമൃദ്ധി മിഷൻ' മന്ത്രി AK ശശീന്ദ്രൻ രാവിലെ ഉദ്ഘാടനം ചെയ്യും. ഇതിന്റെ ഭാഗമായി സെമിനാറും സംഘടിപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ശിക്ഷക് സദനിലാണ് പരിപാടി.

✪✪✪

അടുത്ത ജനുവരിയോടെ കുടിയാന്മാരുടെ പരാതികളും പ്രശ്നങ്ങളും പൂർണമായി തീർത്ത സംസ്ഥാനമായി കേരളം മാറുമെന്ന് മന്ത്രി K രാജൻ പറഞ്ഞു. കാസർകോട്ട് റവന്യൂ ഡിവിഷൻ ഓഫീസ് കെട്ടിടവും ജില്ലാ തല പട്ടയമേളയും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. നിയമങ്ങളും ചട്ടങ്ങളും

സാധാരണക്കാർക്ക് സഹായകമായ രീതിയിൽ കൈകാര്യം ചെയ്യണമെന്നും നിയമക്കുരുക്കുകൾ കാട്ടി അവരെ ബുദ്ധിമുട്ടിക്കരുതെന്നും മന്ത്രി ചടങ്ങിൽ നിർദേശിച്ചു.

സംസ്ഥാനത്ത്  628 വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആയി മാറിയെന്ന് കണ്ണൂർ മാനന്തേരി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം ഉദ്ഘാടന ചടങ്ങിൽ മന്ത്രി അറിയിച്ചു.

കൂത്തുപറമ്പ് നിയോജകമണ്ഡല പട്ടയമേളയും മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

സംസ്ഥാനത്ത് മഴയുടെ ശക്തി കുറഞ്ഞു. എല്ലാ ജില്ലകളിലും ഇന്ന് മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് വിലയിരുത്തൽ. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ മൂന്ന് ദിവസം മണിക്കൂറിൽ 40 മുതൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഈ ദിവസങ്ങളിൽ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് നിർദേശമുണ്ട്.

✪✪✪

വിദേശ രാജ്യങ്ങളിലേതു പോലെ കനാൽസിറ്റി പദ്ധതി  അടുത്ത വർഷം കോഴിക്കോടിന് ഓണസമ്മാനമായി നൽകുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. കോഴിക്കോട്ടെ 'മാവേലിക്കസ് 2025' ഓണാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മന്ത്രി AK ശശീന്ദ്രൻ പരിപാടിയിൽ മുഖ്യാതിഥിയായി പങ്കെടുത്തു. മെഗാ പൂക്കള വിജയികൾക്ക് ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. ഈ മാസം ഏഴ് വരെ ജില്ലയിലെ ഒമ്പത് വേദികളിലാണ് മാവേലിക്കസ് പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

സംസ്ഥാനത്ത്  ഇറിഗേഷൻ ടൂറിസത്തിന്റെ  ഭാഗമായി നടപ്പാക്കുന്ന ആദ്യ പദ്ധതി കാഞ്ഞിരപ്പുഴ ഡാമിൽ  മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. ടൂറിസം രംഗത്തെ പുതിയ  സാധ്യതകൾ തുറക്കാൻ  ജലവിഭവ വകുപ്പിന് സാധിച്ചെന്ന് മന്ത്രി  പറഞ്ഞു.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ആദ്യ ഘട്ട സാങ്കേതിക പരിശീലന ക്ലാസ് മന്ത്രി V അബ്ദുറഹ്മാൻ താനൂരിൽ ഉദ്ഘാടനം ചെയ്തു. താനൂർ നിയോജക മണ്ഡലത്തിലെ 356 പേരാണ് പരിശീലന ക്ലാസിൽ പങ്കെടുക്കുന്നത്.

✪✪✪

ബീഹാറിലെ രാജ്ഗിറിൽ ഏഷ്യാ കപ്പ്  പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പിൽ ഇന്നലെ ഇന്ത്യ മറുപടിയില്ലാത്ത 15 ഗോളിന് കസാക്കിസ്ഥാനെ പരാജയപ്പെടുത്തി തുടർച്ചയായ മൂന്നാം വിജയം നേടി. ഇതോടെ അവസാന ലീഗ് മത്സരത്തിൽ പൂൾ A-യിൽ ഒമ്പത് പോയിന്റുമായി ഇന്ത്യ പട്ടികയിൽ ഒന്നാമതെത്തി.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ തൃശ്ശൂർ ടൈറ്റൻസ്, ആലപ്പി റിപ്പിൾസിനെ തോൽപ്പിച്ചു.

കാലിക്കറ്റ്ഗ്ലോബ്സ്റ്റാർസ്, ഏരീസ് കൊല്ലത്തെയും പരാജയപ്പെടുത്തി. ഇന്ന് ആദ്യ മത്സരത്തിൽ ഉച്ചയ്ക്ക് കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസ്, കൊച്ചി ബ്ലൂ ടൈഗേഴ്സിനെ നേരിടും. വൈകിട്ട് തൃശൂർ ടൈറ്റൻസ്, ട്രിവാൻഡ്രം റോയൽസുമായി ഏറ്റുമുട്ടും.

✪✪✪

U S  ഓപ്പൺ ടെന്നീസ് ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് ഇന്ന്  തുടക്കമാകും. പുരുഷ സിംഗിൾസിൽ, 24 തവണ ഗ്രാൻഡ് സ്ലാം ചാമ്പ്യനായ  നൊവാക് ജോക്കോവിച്, ടെയ്‌ലർ ഫ്രിറ്റ്സിനെ നേരിടും. വനിതാ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ നിലവിലെ ചാമ്പ്യൻ അര്യാന സബലേങ്ക, ചെക് താരം, വൊൻഡ്രൗ സോവയുമായി ഏറ്റുമുട്ടും.  വനിതാ സിംഗിൾസിൽ രണ്ട് തവണ US ഓപ്പൺ ചാമ്പ്യനായ നവോമി ഒസാക്ക, ഇന്നലെ ലോക മൂന്നാം നമ്പർ താരം കൊക്കോ ഗൗഫിനെ പരാജയപ്പെടുത്തി ക്വാർട്ടർ ഫൈനലിലെത്തി.

✪✪✪

BJP യുടെ പാലക്കാട്, മലപ്പുറം, വയനാട് ജില്ലകൾ ഉൾപ്പെടുന്ന മേഖല സംഘടനാ ശിൽപ്പശാല രാവിലെ മലപ്പുറം അങ്ങാടിപ്പുറത്ത് ആരംഭിക്കും. BJPദേശീയ വൈസ് പ്രസിഡന്റ് AP അബ്ദുള്ളക്കുട്ടി ഉദ്ഘാടനം ചെയ്യും.

തദ്ദേശ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങളുടെ ഭാഗമായ പ്രവർത്തനങ്ങളുടെ തുടർച്ചയാണ് ശിൽപ്പശാല. നിയോജക മണ്ഡലം ജനറൽ സെക്രട്ടറിമാർ മുതൽ നേതാക്കൾ ശിൽപ്പശാലയിൽ പങ്കെടുക്കും.

✪✪✪

ഈ മാസം 20ന് പമ്പയിൽ നടത്താനിരിക്കുന്ന ആഗോള അയ്യപ്പ സംഗമംകൊണ്ട് സാധാരണ അയ്യപ്പ ഭക്തന്മാർക്ക് ഉണ്ടാകുന്ന ഗുണം ബന്ധപ്പെട്ടവർ വ്യക്തമാക്കണമെന്ന് പന്തളത്തുകൊട്ടാരം നിർവാഹക സംഘം സെക്രട്ടറി MRS വർമ്മ ആവശ്യപ്പെട്ടു. 2018 ലെ നാമജപ ഘോഷയാത്രയിൽ

പങ്കെടുത്തവർക്കെതിരായ കേസുകൾ എത്രയും വേഗം പിൻവലിക്കണമെന്നും അദ്ദേഹം വാർത്താക്കുറിപ്പിൽ ആവശ്യപ്പെട്ടു.

✪✪✪

ഈ മാസത്തെ റേഷൻ വിതരണത്തിന് ഉച്ചയ്ക്ക് ശേഷമേ റേഷൻ കടകൾ തുറക്കൂ എന്ന് പൊതു വിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അറിയിച്ചു. ആധാർ അധിഷ്ഠിത PDS സംവിധാനം ക്രമീകരിക്കാൻ കൂടുതൽ സമയം ആവശ്യമായതുകൊണ്ടാണ് നടപടിയെന്ന് കമ്മീഷണർ പറഞ്ഞു.

✪✪✪

ഇടുക്കി മറയൂരിൽ വിളവെടുത്ത് വിൽപ്പനയ്ക്കായി ഒരുക്കിവെച്ച വെളുത്തുള്ളി കാട്ടാനകൾ ചവിട്ടിനശിപ്പിച്ച സംഭവത്തിൽ കർഷകർ വനപാലകരെ തടഞ്ഞ് വെച്ചു. കാന്തല്ലൂരിലെ ആടിവയലിലാണ് കാട്ടാനകൾ വെളുത്തുള്ളി നശിപ്പിച്ചത്. സമീപത്തെ ഉരുളക്കിഴങ്ങ് കൃഷിയ്ക്കും കാട്ടാനകൾ നാശം വരുത്തിയിരുന്നു.

വിവരമറിഞ്ഞ് സ്ഥലത്തെത്തിയ വനപാലകരെ പ്രശ്നത്തിന് കൃത്യമായ പോംവഴി ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ട് കർഷകർ തടയുകയായിരുന്നു. പ്രശ്നപരിഹാരത്തിന് ഉചിത നടപടി സ്വീകരിക്കാമെന്ന് ഉദ്യോഗസ്ഥർ ഉറപ്പു നൽകി.

✪✪✪

കേന്ദ്ര ഗവൺമെന്റിന്റെ അഭിലാഷ ബ്ലോക്ക് പരിപാടിയിൽ ആകാൻക്ഷ ഹാട്ട് പ്രദർശന വിപണന മേളയ്ക്ക് പാലക്കാട് കോട്ടമൈതാനത്ത് തുടക്കമായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് K ബിനുമോൾ ഉദ്ഘാടനം ചെയ്തു. അട്ടപ്പാടി, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തുകളിലെ സൂക്ഷ്മ - ചെറുകിട സംരംഭകരുടെ ഉൽപ്പന്നങ്ങളാണ് മേളയിൽ ഉൾപ്പെടുത്തിയിരുക്കുന്നത്.

✪✪✪

ഇടുക്കി ജില്ലാതല മനുഷ്യാവകാശ കമ്മീഷൻ സിറ്റിംഗ് രാവിലെ തൊടുപുഴ PWD റെസ്റ്റ് ഹൗസിൽ ചേരും. കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസിന്റെ നേതൃത്വത്തിലാണ് സിറ്റിംഗ്.

✪✪✪

വയനാട് പാർലമെന്റ് മണ്ഡലത്തിലെ ആശമാർക്ക് പ്രിയങ്ക ഗാന്ധി MPയുടെ ഓണക്കോടി KPCC വർക്കിങ്ങ് പ്രസിഡന്റ് AP അനിൽ കുമാർ മുക്കത്ത് സമ്മാനിച്ചു.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs : സയ്യിദ് അലി ശിഹാബ്*
*DEO : സി കെ സുബോധ്*